**File No.SJD/1575/2020-C4**

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ**

(ഹാജർ: Sheeba George IAS )

തിരുവനന്തപുരം.

ഉത്തരവ് നം. തീയതി. 25/03/2020

വിഷയം:

സാമൂഹ്യ നീതി വകുപ്പ് - ട്രാൻസ്ജെൻഡർ ക്ഷേമം - കോവിഡ് 19 ക്രൈസിസിൽ അകപ്പെട്ട ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ കെയർ ഹോമുകളിൽ താൽക്കാലിക താമസസൗകര്യം ഒരുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

ട്രാൻസ്ജെൻഡർ സെൽ പ്രൊജക്റ്റ് ഓഫീസറുടെ 25.03.2020 ലെ സമർപ്പണം

സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ് 19 ഭീഷണിയുടെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിൽ താമസിച്ചുവരുന്ന ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് തൊഴിൽ, താമസ സൗകര്യം എന്നിവ ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നതായി സൂചന പ്രകാരം അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ലോക്ക് ഡൗൺ കാലയളവിലേക്ക് പ്രസ്തുത വ്യക്തികൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കേണ്ടതുണ്ട്. ക്രൈസിസിൽ അകപ്പെട്ട ട്രാൻസ്ജെൻഡർ വ്യക്തികളെ താമസിപ്പിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് 5 ട്രാൻസ്ജെൻഡർ കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം ഹോമുകളിൽ നിലവിൽ താമസ സൗകര്യം നഷ്ടപ്പെട്ട ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടി താമസ സൗകര്യം ഒരുക്കാവുന്നതും അവർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ സപ്ലൈകോ വഴി ലഭ്യമാക്കാവുന്നതുമാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ താമസസൗകര്യം നഷ്ടപ്പെട്ട ട്രാൻസ്ജെൻഡർ വ്യക്തികളെ ലോക്ക് ഡൌൺ കാലയളവിൽ സംസ്ഥാനത്തെ 5 ട്രാൻസ്ജെൻഡർ കെയർ ഹോമുകളിലായി പുനരധിവസിപ്പിക്കുന്നതിനു അനുമതി നൽകിയും പ്രസ്തുത കാലയളവിൽ ഇവർക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ സപ്ലൈകോ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ അടിയന്തരമായി ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും , താമസ സൗകര്യം ആവശ്യമായ ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണം കണക്കാക്കുന്നതിനും മറ്റ് ആവശ്യമായ ക്രമീകരണങ്ങൾക്കും ജില്ലാ ജസ്റ്റിസ് ബോർഡിൻറെ സഹകരണം ഉറപ്പാക്കേണ്ടതുമാണ്. ഹോം മാനേജർമാരുമായി കൂടിയാലോചിച്ച് ഭക്ഷണ സൗകര്യം ഒരുക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

ഹോമുകൾ നിലവിലില്ലാത്ത ജില്ലകളിൽ താമസ സൗകര്യം ആവശ്യമുള്ള ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണം ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റികളുടെ സഹായത്തോടെ കണ്ടെത്തി സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ സെല്ലിൽ റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ താൽക്കാലിക പുനരധിവാസത്തിന് ആവശ്യമായ ധനകാര്യ വിശകലനം തയ്യാറാക്കി മുൻകൂറായി സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതും ലോക്ക് ഡൗൺ കാലയളവിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ (രോഗ പ്രതിരോധം, സാമൂഹിക അകലം പാലിക്കുക , ഇവ സംബന്ധിച്ചവ ) നിർബന്ധമായും കമ്മ്യൂണിറ്റി അംഗങ്ങൾക്ക് നൽകേണ്ടതുമാണ്.

ഏതെങ്കിലും തരത്തിൽ രോഗ ലക്ഷണങ്ങൾ ഉള്ള വ്യക്തികൾ ഉള്ള പക്ഷം പ്രാഥമിക പരിശോധനകൾക്ക് ശേഷം മാത്രം ഹോമിൽ പ്രവേശിപ്പിക്കേണ്ടതാണ്. ലോക്ക് ഡൗൺ കാലയളവിൽ ഹോമിലെ താമസക്കാർ ഹോമിൽ നിന്നും പുറത്തുപോകാൻ പാടുള്ളതല്ല.

അടിയന്തര സാഹചര്യങ്ങളിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ മുൻകൂർ അനുമതിയോടുകൂടി മാത്രം അവർക്ക് പുറത്തു പോകാവുന്നതാണ്.സപ്ലൈകോ വഴി ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ നേരിട്ട് സപ്ലൈകോയുടെ ഔട്ലെറ്റുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

<u>പകർപ്പ് :</u>

1. എല്ലാ കെയർ ഹോം മാനേജർമാർക്കും
2. ടി ജി സെൽ
3. വെബ് സൈറ്റ്
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്